LIBRARY ARCHIVES Kerala Legislative Assembly

വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ഇളവുകൾ

90 [1495] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസം, പ്രവേശന പരീക്ഷ, ഉദ്യോഗം എന്നിവയ്ക്കുവേണ്ടി വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ വിദ്യാർത്ഥികളും ഉദ്യോഗാർത്ഥികളും വളരെയധികം ക്ലേശം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് നിബന്ധനകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വരുമാന സർട്ടിഫിക്കറ്റ് എത്രകാലത്തെ സാധുത ഉണ്ട്; ആയത് ഏറ്റവും ചുരുങ്ങിയത് 5 വർഷത്തേക്കായി നിജപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയെന്ന ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)—(സി) വിദ്യാഭ്യാസ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല. വിഷയം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതാകയാൽ ഈ വകുപ്പിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഐ.എച്ച്.ആർ.ഡി.-യിൽ ജൂനിയർ ഓഫീസ് അസിസ്റ്റന്റ് നിയമനം പി.എസ്.സി. മുഖേന നടത്താൻ നടപടി

91 [1496] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

,, സാജു പോൾ:

,, കെ. പി. സതീശ്ചന്ദ്രൻ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യിൽ ജൂനിയർ ഓഫീസ് അസിസ്റ്റന്റ് നിയമനത്തിനുള്ള പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരീക്ഷ റദ്ദാക്കി പുതിയ പരീക്ഷ നടത്തുന്നതിന് നിർദ്ദേശം നൽകുമോ;

(ബി) ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും പരീക്ഷ നടത്തുന്നതിനും ഉള്ള ചുമതല ആർക്കാണ് നൽകിയത്; എന്നാണ് ഈ തസ്തികയിലേക്ക് ആദ്യം അപേക്ഷ ലഭിച്ചത്; അന്ന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു;

(സി) അപേക്ഷകർക്കായി അന്ന് പരീക്ഷ നടത്താതെ വീണ്ടും അപേക്ഷ ക്ഷണിക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്;

(ഡി) അപേക്ഷാഫീസിനത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് എന്ത് തുക ലഭിച്ചു;

(ഇ) ഐ.എച്ച്.ആർ.ഡി.-യിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡി.-യിൽ ജൂനിയർ ഓഫീസ് അസിസ്റ്റന്റ് നിയമനത്തിനുള്ള പരീക്ഷയിൽ ക്രമക്കേട് നടന്നതായി വാർത്താ മാധ്യമങ്ങളിൽ വന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിരുന്നു. ഐ.എച്ച്.ആർ.ഡി.-യിൽനിന്നും പരീക്ഷ നടത്താൻ ചുമതലപ്പെടുത്തിയിരുന്ന ഏജൻസിയായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിൽനിന്നും പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി. പ്രാഥമിക അന്വേഷണങ്ങളിൽ പരീക്ഷ പേപ്പർ ചോർന്നിട്ടില്ലെന്നും പരീക്ഷയുടെ വിശ്വാസ്യതയ്ക്ക് ഭംഗം വന്നിട്ടില്ലെന്നുമായിരുന്നു മനസ്സിലായത്. എന്നാൽ ഇക്കാര്യത്തിൽ വിശ്വാസ്യത ഉറപ്പാക്കുന്നതിനായി പുറത്തു നിന്നുള്ള മറ്റൊരു അതോറിറ്റിയെ അന്വേഷണം ഏൽപ്പിക്കുന്നതിന് തീരുമാനിക്കുകയും സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറെ അന്വേഷണത്തിന് ചുമതലപ്പെടുത്തുകയും ചെയ്തു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ടിലും പരീക്ഷാ പേപ്പർ ചോർന്നിട്ടില്ലെന്നും അത് സംബന്ധിച്ച ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്നും കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുകൊണ്ട് പോകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും പരീക്ഷ നടത്തുന്നതിനുമുള്ള ചുമതല സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനാണ് നൽകിയത്. ഈ തസ്തികയിലേക്ക് 18-10-2000-ലാണ് ആദ്യം അപേക്ഷ ക്ഷണിച്ചത്. അന്ന് 6236 അപേക്ഷകൾ ലഭിച്ചിരുന്നു.

(സി) വളരെയധികം ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാൻ അവസരം ലഭിച്ചില്ലായെന്ന പരാതി ലഭിച്ചതിനെ തുടർന്നാണ് വീണ്ടും അപേക്ഷ ക്ഷണിക്കാൻ തീരുമാനിച്ചത്.

(ഡി) അപേക്ഷ ഫീസിനത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് ആകെ 29,00,555 രൂപ ലഭിച്ചു.

(ഇ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly